ഫിഷിംഗ് ഹാർബറുകളുടെ അറ്റകുറ്റപ്പണികൾക്കായി നീക്കിവച്ച സംഖ്യ

125 [582] ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. എ. സി. ഷണ്മുഖദാസ് :
,, കെ. പി. മോഹനൻ :
,, സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്തംമൂലം ഫിഷറീസ് തുറമുഖങ്ങൾക്ക് ഉണ്ടായ കേടുപാടുകൾ തീർക്കാനായി ആകെ എത്ര സംഖ്യ ആവശ്യമായി വരുമെന്നാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സർക്കാരിനെ അറിയിച്ചിട്ടുള്ളത് ;

(ബി) ഇക്കാര്യത്തിനായി ഇതുവരെ എത്ര സംഖ്യ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(സി) നാശനഷ്ടങ്ങൾ വന്ന ഷിപ്പിംഗ് ഹാർബറുകൾക്ക് ഓരോന്നിനും അറ്റകുറ്റപ്പണികൾക്കായി നീക്കിവച്ച സംഖ്യ എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സുനാമി ദുരന്തംമൂലം സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകൾക്കും ഫിഷ് ലാന്റിംഗ് സെന്ററുകൾക്കും ഉണ്ടായ കേടുപാടുകൾ തീർക്കുന്നതിനായി 94.90 കോടി രൂപ വേണ്ടി വരുമെന്നാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അറിയിച്ചിട്ടുള്ളത്.

(ബി) ഇക്കാര്യത്തിനായി 170.36 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി) വിവരം അനുബന്ധമായി ചേർക്കുന്നു. †

അന്താരാഷ്ട്ര ആഴക്കടൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിന് പദ്ധതി

126 [583] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞത്ത് ഒരു അന്താരാഷ്ട്ര ആഴക്കടൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി ആരുമായാണ് സംസ്ഥാന സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുള്ളത് ; കരാറിന്റെ വിശദാംശങ്ങളുടെ കോപ്പി ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എത്ര രൂപാ ചെലവ് പ്രതീക്ഷിക്കുന്നു ;

(സി) ഒന്നാം ഘട്ടത്തിന് പ്രതീക്ഷിക്കുന്ന ചെലവ് എത്ര ;

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ഈ പദ്ധതിക്ക് ലഭിച്ചു കഴിഞ്ഞിട്ടുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തൊക്കെ സഹായങ്ങളാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) എന്നത്തേക്ക് പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ഇതുവരെ ആരുമായും കരാറിൽ ഏർപ്പെട്ടിട്ടില്ല.

(ബി) 4360 കോടി രൂപ.

(സി) 1850 കോടി രൂപ.

(ഡി) താഴെ പറയുന്ന കമ്പനികൾ അടങ്ങുന്ന ഒരു കൺസോർഷ്യമാണ് ടെണ്ടറിൽ വിജയിയായത് :

കെയ്ദി ഇലക്ട്രിക്കൽ പവർ കമ്പനി ചൈന, സും ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് മുംബൈ, ചൈനാ ഹാർബർ എഞ്ചിനീയറിംഗ് കമ്പനി ഗ്രൂപ്പ് സെക്കന്റ് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ചൈന. മേൽപ്പറഞ്ഞ കൺസോർഷ്യത്തിൽ രണ്ട് ചൈനീസ് കമ്പനികൾകൂടി ഉള്ളതിനാൽ കരാറിൽ ഏർപ്പെടുത്തുന്നതിന് മുമ്പായി ഭാരത സർക്കാരിന്റെ പൊളിറ്റിക്കൽ ക്ലിയറൻസ് ആവശ്യമാണ്. ഇതിനുവേണ്ടി 18-1-2006-ലെ D.O. No. 47/GOI/06/CM നമ്പർ കത്ത് പ്രകാരം മുഖ്യമന്ത്രി പ്രധാന മന്ത്രിയോട് നേരിട്ട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ 28-1-2006-ലെ 13869/ഇ1/05/മ.തു.വ. കത്ത് പ്രകാരം തുറമുഖ വകുപ്പ് സെക്രട്ടറി എക്സ്റ്റേണൽ അഫയേഴ്സ് മിനിസ്ട്രിക്കും ഷിപ്പിംഗ് ആന്റ് ട്രാൻസ്പോർട്ട് മിനിസ്ട്രിക്കും ഇത് സംബന്ധിച്ച അപേക്ഷ നൽകിയിട്ടുണ്ട്. പദ്ധതിയുടെ പണി തുടങ്ങുന്നതിനു മുൻപ് ഇൻഡ്യാ ഗവൺമെന്റിന്റെ പരിസ്ഥിതി ക്ലിയറൻസും ആവശ്യമാണ്.

(ഇ) ഒന്നാം ഘട്ട പ്രോജക്ട് കോസ്റ്റിന്റെ 20 ശതമാനം കേന്ദ്ര ഗവൺമെന്റിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിൽ നിന്നും ഗ്രാന്റായി പ്രതീക്ഷിക്കുന്നു.

(എഫ്) സ്വകാര്യ പങ്കാളിയുമായി കരാർ ഒപ്പിട്ട ശേഷം 50 മാസങ്ങൾക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തുറമുഖങ്ങളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ

127 [584] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഓരോ തുറമുഖങ്ങളുടെയും വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) ഓരോ തുറമുഖത്തിനും ചെലവ് ചെയ്ത തുകയും നടപ്പാക്കിയ പദ്ധതിയും വ്യക്തമാക്കുമോ ;

(സി) ഏത് രീതിയിലാണ് ബേപ്പൂർ തുറമുഖ വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; സ്വീകരിച്ച നടപടിയും ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly